# मधुमान् नो वनस्पतिः

*(10-ാം ക്ലാസിലെ **മധുമാൻ നോ വനസ്പതിഃ** എന്ന പാഠഭാഗത്തെപ്പറ്റി അവധിക്കാലപരിശീലനം മുതൽ അധ്യാപകർ ഉന്നയിച്ച സംശയങ്ങളും അവയ്ക്കുള്ള വിശദീകരണവും)*



## ഹരിപ്രസാദ്.വി.ടി, കടമ്പൂര്



**പൂർവപക്ഷം -**

**മധുമാൻ നോ വനസ്പതിഃ** എന്ന പാഠഭാഗത്തിൽ **വൃക്ഷായുർവേദം** എന്ന ഗ്രന്ഥത്തെപ്പറ്റി പരാമർശിക്കുന്നുണ്ടല്ലോ? കഴിഞ്ഞവർഷംവരെ പഠിപ്പിച്ച പാഠപുസ്തകത്തിൽ വൃക്ഷായുർവേദം, വരാഹമിഹിരന്റെ ഗ്രന്ഥമാണെന്നാണല്ലോ പഠിപ്പിച്ചത്. പുതിയപാഠപുസ്തകത്തിൽ വൃക്ഷായുർവേദം സുരപാലന്റെ ഗ്രന്ഥമാണെന്നും പറയുന്നു. ഇത് വൈരുദ്ധ്യമല്ലേ?

**സമാധാനപക്ഷം-**

വരാഹമിഹിരന്റെ ഗ്രന്ഥം 100 അധ്യായങ്ങളുള്ള **ബൃഹത്സംഹിത**യാണ്. അതിന്റെ 54-ാം അധ്യായം **ദകാർഗളം** എന്നപേരിൽ അറിയപ്പെടുന്നു. ഉദകം എന്നാൽ ജലം. അർഗളം എന്നാൽ സാക്ഷ അഥവാ തഴുത്. ഭൂമിയിൽ വീഴുന്ന മഴവെള്ളത്തെ ഒഴുകിപ്പോകാതെ തഴുതിട്ടു നിർത്തുന്നതുപോലെ തടഞ്ഞുനിർത്താൻ സമർത്ഥങ്ങളായ ഏതെതെല്ലാം വൃക്ഷങ്ങളെ വാപീകൂപതടാകാദികളുടെ കരകളിൽ നട്ടുവളർത്തണമെന്ന (ഉ)ദകാർഗളം എന്ന അധ്യായത്തിൽ വിശദീകരിക്കുന്നു. അപ്രകാരം നട്ടുവളർത്തേണ്ടുന്ന സസ്യങ്ങളുടെ രോപണ-രക്ഷണ-പോഷണാദികളാണ് പ്രാസംഗികമായി 55ാം അധ്യായമായ വൃക്ഷായുർവേദത്തിൽ പരാമർശിക്കപ്പെട്ടിരിക്കുന്നത്. കേവലം 31 പദ്യങ്ങൾ മാത്രമാണ് ഈ അധ്യായത്തിലുള്ളത്. ശാർങ്ഗധരസംഹിത മുതലായ ഗ്രന്ഥങ്ങളിലും ഇപ്രകാരം ആനുഷംഗികമായ പരാമർശങ്ങളായിട്ടാണ് വൃക്ഷായുർവേദം കടന്നുവരുന്നത്. എന്നാൽ സുരപാലനാകട്ടെ ഒരു സ്വതന്ത്രകൃതിയായിട്ടാണ് **വൃക്ഷായുർവേദം** എന്ന ഗ്രന്ഥം രചിച്ചിരിക്കുന്നത്. ഇതിൽ 13 അധ്യായങ്ങളും ആകെ 325 പദ്യങ്ങളും ഉണ്ട്. ബൃഹത്സംഹിതയിലെ ചില പദ്യങ്ങൾ സുരപാലന്റെ ഗ്രന്ഥത്തിലും സുരപാലന്റെ ചില പദ്യങ്ങൾ ശാർങ്ഗധര സംഹിതയിലും കാണാവുന്നതാണ്. പരാശരൻ രചിച്ച മറ്റൊരു വൃക്ഷായുർവേദമെന്ന ഗ്രന്ഥവും പ്രസിദ്ധമാണ്.

**പൂർവപക്ഷം-**

വൃക്ഷായുർവേദം വൃക്ഷങ്ങളുടെ ചികിത്സയെ മാത്രം പരാമർശിക്കുന്ന കൃതി ആയിരിക്കുമല്ലോ? അപ്പോൾ ചെടികളെയും വള്ളികളെയും സംബന്ധിച്ച ചികിത്സാ വിധി പരാമർശിക്കുന്ന കൃതികൾ ഏതൊക്കെയാണ്?

**സമാധാനാപക്ഷം-**

ഭൂമിയിൽ നിന്നും മുളച്ചുണ്ടാകുന്ന ഭൂരുഹങ്ങളെ അഥവാ സസ്യങ്ങളെ മുഴുവനുമാണ് ഇവിടെ വൃക്ഷം എന്ന സാമാന്യപദം കൊണ്ട് നിർദ്ദേശിച്ചിരിക്കുന്നത്. അതിനാൽ വൃക്ഷായുർവേദം, മുഴുവൻ ചെടികളുടേയും വള്ളികളുടേയും മരങ്ങളുടേയും രക്ഷണപോഷണാദികളെ പരാമർശിക്കുന്ന വിഷയവൈവിധ്യം കലർന്ന ഗ്രന്ഥമാകുന്നു. എന്നാൽ സസ്യങ്ങളെ വൃക്ഷം, വനസ്പതി, വീരുത്, ഓഷധി എന്നിങ്ങനെ നാലായി വിഭജിക്കുമ്പോൾ വൃക്ഷം എന്നതിന് പൂത്തുകായ്ക്കുന്ന മരങ്ങൾ എന്നു മാത്രമേ അർത്ഥമുള്ളൂ. വൃക്ഷലതാദികൾ എന്നു പറയുന്നിടത്താകട്ടെ പൂക്കുന്നതും പൂക്കാത്തതുമായ മുഴുവൻ മരങ്ങളും വൃക്ഷശബ്ദത്തിന്റെ വിവക്ഷയിൽപ്പെടും. ഇപ്രകാരം സന്ദർഭം നോക്കിയാണ് ഇവിടെ വൃക്ഷശബ്ദത്തിന്റെ അർത്ഥം ഗ്രഹിക്കേണ്ടത്. ***പ്രത്യുപകാരം മറക്കുന്ന പുരുഷൻ ചത്തതിനൊക്കുമേ ജീവിച്ചിരിക്കിലും*** എന്നിടത്ത് പുരുഷൻ എന്ന പദത്തിന് മനുഷ്യൻ എന്നാണ് സാമാന്യമായ അർത്ഥമെങ്കിലും സ്ത്രീ-പുരുഷൻമാർ എന്നിടത്ത് ആൺവർഗം എന്നും, അവളുടെ പുരുഷൻ എന്നിടത്ത് ഭർത്താവ് എന്നും അർത്ഥം മാറിവരുന്നതുപോലെ വൃക്ഷശബ്ദത്തിനും അർത്ഥാന്തരം കല്പിച്ചുകൊള്ളണം.

**പൂർവപക്ഷം-**

ഓഷധികൾ എന്നാൽ ഔഷധച്ചെടികളാണോ? പ്രതാനങ്ങളുള്ളതാണ് വീരുത് എന്നു പറയുന്നതുകൊണ്ട് ഉദ്ദേശിക്കുന്നതെന്ത്?

**സമാധാനപക്ഷം-**

സസ്യങ്ങളെ അവയുടെ സ്വരൂപഭേദമനുസരിച്ച് വർഗീകരിക്കുന്ന രീതി വൈദികകാലഘട്ടം മുതല്ക്കേ ഉണ്ടായിരുന്നു. സസ്യങ്ങൾ പൂവുള്ളത് (പുഷ്പിണി), ഫലങ്ങളുള്ളത് (ഫലിനി), പൂക്കാത്തത് (അപുഷ്പ), കായ്ക്കാത്തത് (അഫല), നിലത്ത് പടരുന്നത് (പ്രസ്തൃണതി), തണ്ടുള്ളത് (കാണ്ഡിനി), മധുരമുള്ളത് (മധുമതി), കുറ്റിച്ചെടിയായി വളരുന്നത് (സ്തംബിനി), മരത്തിൽ ചുറ്റിക്കയറുന്നത് (വല്ലി) എന്നിങ്ങനെ പല തരത്തിൽ വിഭജിക്കപ്പെട്ടിട്ടുണ്ട്. ചരകസുശ്രുതാദികളും സ്മൃതികാരനായ മനുവും സസ്യങ്ങളെ വനസ്പതി, വൃക്ഷം, വീരുത്, ഓഷധി എന്നിങ്ങനെ പ്രധാനമായും നാലായി വിഭജിച്ചിരിക്കുന്നു. ഒന്നിച്ച് ധാരാളം പുഷ്പങ്ങൾ ഉണ്ടാകുന്നവയും പൂക്കൾ കൊഴിയുന്ന

തോട്ടുകൂടി ഫലങ്ങൾ ദൃശ്യമായിത്തീരുകയും ആ ഫലങ്ങളെല്ലാം ഒന്നിച്ച് പാകമാകുന്ന തോട്ടുകൂടി മാതൃസസ്യം തന്നെ നശിച്ചുപോകുന്നവയുമാണ് ഓഷധികൾ. വാഴ,നെല്ല്, ഗോതമ്പ്, ഉലുവ മുതലായവ ഓഷധികൾക്ക് ഉദാഹരണങ്ങളാകുന്നു. (കേസരങ്ങൾ, പരാഗങ്ങൾ, ദളങ്ങൾ എന്നിവയോട്ടുകൂടിയ) പൂക്കൾ വ്യക്തമായി കാണാതെതന്നെ കായ്കൾ ഉണ്ടാകുന്നതാണ് വനസ്പതികൾ. പ്ലാവ്, അത്തി എന്നിവ വനസ്പതികളാകുന്നു. പൂക്കളും കായ്കളുമുള്ള മരങ്ങളാണ് വൃക്ഷങ്ങൾ. മാവ്, തെങ്ങ്, നെല്ലി മുതലായവ വൃക്ഷങ്ങൾക്കുദാഹരണമാണ്. ഇളംകമ്പുകൾക്കാണ് പ്രതാനം എന്നു പറയുന്നത്. പ്രതാനങ്ങളുപയോഗിച്ച് പടർന്നു കയറുന്നവയാണ് വീരുത്തുകൾ. മുന്തിരി, വെള്ളരി, കയ്പവല്ലി മുതലായവ വീരുത്തുകളാണ്. വീരുത്തുകളും വനസ്പതികളും വൃക്ഷങ്ങളും ഓഷധികളും എല്ലാം ഔഷധഗുണസംയുക്തങ്ങളാകയാൽ ഔഷധസസ്യങ്ങളും കൂടിയാണ്. ഓഷധി - ഔഷധം എന്നീ നാമസാമ്യമാണ് ഇവ രണ്ടും ഒന്നാണെന്ന് തെറ്റിദ്ധരിക്കാൻ കാരണം.

### പൂർവപക്ഷം-

ഗുച്ഛം, ഗുൽമം,തൃണം എന്നിങ്ങനെയും ഭേദമുള്ളതായി പരാമർശിച്ചു കാണുന്നു. ഗുച്ഛം എന്നാൽ പൂങ്കുല എന്ന ഒരു വിവർത്തനവും കണ്ടു. പൂങ്കുല, സസ്യങ്ങളുടെ ഒരു അവയവം മാത്രമാകയാൽ അവയെ സസ്യഭേദമായി കണക്കാക്കുന്നതെങ്ങനെ?

### സമാധാനപക്ഷം-

സസ്യങ്ങളെ വൃക്ഷം,വനസ്പതി, വീരുത്, ഓഷധി എന്നിങ്ങനെ പ്രധാനമായി വിഭജിക്കപ്പെട്ടതു കൂടാതെ വീണ്ടും ഗുച്ഛം, ഗുൽമം, തൃണം എന്നിങ്ങനെ മറ്റൊരു തരത്തിൽ കൂടി വിഭജിച്ചിട്ടുണ്ട്. ഗുച്ഛം എന്നതിന് പൂങ്കുല എന്ന് അർത്ഥമുണ്ടെങ്കിലും ആ അർത്ഥത്തിലല്ല ഇവിടെ ഗുച്ഛശബ്ദം പ്രയോഗിക്കപ്പെട്ടിരിക്കുന്നത്. മനുസ്മൃതിയുടെ പ്രസിദ്ധവ്യാഖ്യാതാവായ കുല്ലൂകഭട്ടൻ ***മൂലത ഏവ യത്ര ലതാസമൂഹോ ഭവതി, ന ച പ്രകാണ്ഡാനി തേ ഗുച്ഛാഃ മല്ലികാദയഃ*** -എന്ന് നിർവചിച്ച് ഉദാഹരിച്ചിരിക്കുന്നു. അതായത് കാണ്ഡമില്ലാത്തതും മുരട്ടുമുതൽ ഇളംകമ്പുകളോട്ടുകൂടി ശാഖകളായി വളരുന്നതുമായ കുറ്റിച്ചെടികളാണ് ഗുച്ഛങ്ങൾ. മുല്ല മുതലായവ ഉദാഹരണം. ഗുല്മങ്ങളാകാട്ടെ ഒരേ മുരടിൽനിന്നും കൂട്ടമായി വളരുന്ന തൃണവിശേഷങ്ങളാണ്. രാമച്ചം, ദർഭ, മുത്തങ്ങ മുതലായവ ഗുല്മങ്ങളാകുന്നു. ഭൂമിക്ക് സമാന്തരമായി പടർന്നു വളരുന്നതാണ് സാധാരണയായി തൃണങ്ങൾ എന്നു വിശേഷിപ്പിക്കപ്പെടുന്നത്. ഗുച്ഛങ്ങളിൽ തന്നെ ചിലത് ഫലപാകാന്തങ്ങളുമാകാം. അതിനാൽ ഒരേ സമയം അവ ഓഷധിയായും പരിഗണിക്കപ്പെടുന്നു.

**പൂർവപക്ഷം-**

കുശ്മാണ്ഡം, കർക്കടി മുതലായവ വീരുത്തുകളാണെന്ന് ഉദാഹരിച്ചിരിക്കുന്നു. അവയും വിളവെടുക്കുന്നതോടുകൂടി നശിക്കുമെന്നതിനാൽ ഓഷധിഗണത്തിലും പെടില്ലേ? അങ്ങനെയാണെങ്കിൽ ഒരു ഉഭയഗണം കൂടി വേണ്ടതല്ലേ?

**സമാധാനപക്ഷം-**

കുമ്പളവും വെള്ളരിയും കക്കിരിയും പാവലുമെല്ലാം ഫലം പാകമാകുന്നതോടെ നശിക്കുന്നില്ല. അവയിൽ വ്യത്യസ്ത പാകത്തിലുള്ള കായ്കൾ ഒരേ സമയം ഉണ്ടാകാറുണ്ട്. ആദ്യമാദ്യം ഉണ്ടായ ഫലങ്ങൾ മൂത്തു പഴുക്കുമ്പോഴും പകുതി പാകമായതും ഇളം പ്രായമായതും പൂവിരിഞ്ഞ് ഒന്നോ രണ്ടോ ദിവസങ്ങൾ മാത്രമായതുമായ ഫലങ്ങൾ വള്ളികളിൽ കണ്ടുവരുന്നു. അതിനാൽ അവയെ ഫലപാകാന്തങ്ങളായ ഓഷധികൾ എന്നു വിശേഷിപ്പിക്കാനാവില്ല.

**പൂർവപക്ഷം-**

സസ്യങ്ങളെ അവയുടെ ഉള്ളുറപ്പിനനുസരിച്ച് വിഭജിച്ചിരിക്കുന്നതിന്റെ രീതി വിശദീകരിക്കാമോ?

**സമാധാനപക്ഷം-**

വൃക്ഷങ്ങളെ അവയുടെ ഉള്ളുറപ്പിന്റെ വ്യത്യാസമനുസരിച്ചും നാലായി വിഭജിച്ചിട്ടുണ്ട്. പുറന്തോട് ഉറപ്പുള്ളതും, ഉൾഭാഗം ആരുകൾ നിറഞ്ഞതും ശൂന്യമായതുമായ തെങ്ങ്, കവുങ്ങ്, പന, മുള മതലായവയെ ബഹിസ്സാരങ്ങൾ എന്നു പറയുന്നു. പുറന്തോലിനുള്ളിൽ ഉറപ്പുള്ള കാതലുകൾ ഉള്ള പ്ലാവ് മുതലായവയാണ് അന്തഃസാര വൃക്ഷങ്ങൾ. തേക്ക്, പുളി മുതലായ അകവും പുറവും സാരവത്തായ മരങ്ങളാണ് സർവസാരങ്ങൾ. ആകപ്പാടെ ഉറപ്പില്ലാത്ത മുരിങ്ങ, പാല മുതലായവ നിസ്സാരതരുക്കളായും അറിയപ്പെടുന്നു.

**പൂർപക്ഷം-**

**ദശകൂപസമാ വാപീ....** എന്നു തുടങ്ങുന്ന പ്രസിദ്ധപദ്യം നീതിസാരത്തിൽ കാണുന്നുണ്ടല്ലോ? പാഠപുസ്തകത്തിൽ സുരപാലന്റെ പദ്യമാണെന്ന് പറയുന്നതെന്തുകൊണ്ട്?

**സമാധാനപക്ഷം-**

പ്രസ്തുത പ്രസിദ്ധപദ്യം നീതിസാരത്തിലൂടെയാണ് സാമാന്യജനങ്ങൾക്കിടയിൽ ഏറെ പ്രചരിച്ചിരിക്കുന്നത്. നീതിസാരത്തിൽ കാണുന്ന പല പദ്യങ്ങളും ഗ്രന്ഥാന്തര

ങ്ങളിൽ നിന്നും സമാഹരിച്ചവയാണ്. അക്കൂട്ടത്തിൽ സുരപാലന്റെ വൃക്ഷായുർവേദ ത്തിൽ നിന്നും ഉദ്ധരിക്കപ്പെട്ടതാണ് **ദശകൂപസമാ വാപീ...**എന്ന പദ്യവും, **അശ്വത്ഥമേകം പിചുമന്ദമേകം...**എന്നപദ്യവും. (യഥാക്രമം വൃക്ഷായുർവേദത്തി ലെ ഒന്നാം അധ്യായത്തിലെ മൂന്നാമത്തെയും ഇരുപത്തിഒന്നമത്തെയും പദ്യങ്ങൾ). ശാർങ്ഗധരസംഹിതയിലും ഈ പദ്യങ്ങൾ ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്.

**പൂർവപക്ഷം-**

വാത്സ്യായനന്റെ കാമസൂത്രത്തിൽ വൃക്ഷായുർവേദത്തെപ്പറ്റി പരാമർശിക്കുന്നു ണ്ടെന്നു കേൾക്കുന്നു. ആ ഗ്രന്ഥത്തിൽ അതിന്റെ പ്രസക്തിയെന്ത്?

**സമാധാനപക്ഷം-**

നാഗരികവനിതകൾ അവശ്യം പരിശീലിക്കേണ്ട അറുപത്തിനാല് കലാവിദ്യ കളെപ്പറ്റി വാത്സ്യായനൻ തന്റെ കാമസൂത്രത്തിൽ പ്രസ്താവിക്കുന്നുണ്ട്. ഭാരതീയമായ അറുപത്തിനാല് കലാവിദ്യകളിൽ ഒന്നാണ് വൃക്ഷായുർവേദം അഥവാ ഉപവന വിനോദം. പ്രമദവനങ്ങളിൽ നട്ടുവളർത്തേണ്ട വൃക്ഷലതാദികളെപ്പറ്റിയും അവയുടെ പരിരക്ഷണവിധികളെപ്പറ്റിയും നാഗരികവനിതകൾ അറിഞ്ഞിരിക്കേണമെന്നതിനാ ലാണ് പ്രാസംഗികമായി വൃക്ഷായുർവേദത്തെപ്പറ്റിയും കാമസൂത്രകാരൻ പ്രസ്താവിച്ചി ട്ടുള്ളത്.

**പൂർവപക്ഷ-സമാധാനപക്ഷേണാത്ര വിചിന്തിതം**
**ദദ്യാച്ഛുഭം കുതുകിനാം പാഠഭാഗവിശോധനാത്**

**...ഹരിപ്രസാദ്,വി.ടി.കടമ്പൂര്...**

hariprasadvtkadamboor@gmail.com 9446431656 , 0497 2831656